പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 3205

14.03.2018 ൽ മറുപടിയ്ക്ക്

## സുഗതൻ എന്ന പ്രവാസി തൂങ്ങിമരിക്കുവാനിടയായ സാഹചര്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, എ.പി.അനിൽ കുമാർ<br>,, റോജി എം. ജോൺ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പത്തനാപുരത്ത് ഇരുമ്പൽ പൈനാപ്പിൾ ജംഗ്ഷന് സമീപം വർക്ക്ഷോപ്പിനായി നിർമ്മിച്ച ഷെഡ്ഡിൽ സുഗതൻ എന്ന പ്രവാസി തൂങ്ങിമരിക്കുവാനിടയായ സാഹചര്യം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 35 വർഷത്തോളം വിദേശത്ത് ജോലി ചെയ്തിരുന്ന പ്രവാസിയായ സുഗതൻ നാട്ടിൽ തിരിച്ചെത്തി പുതുതായി ആരംഭിക്കാനുദ്ദേശിച്ച വർക്ക്ഷോപ്പിന് മുന്നിൽ യുവജന സംഘടനയിലെ പ്രവർത്തകർ ടി സ്ഥാപനം പ്രവർത്തിപ്പിക്കാൻ അനുവദിക്കാതെ കൊടി കുത്തിയതിലുള്ള മനോവിഷമത്താലാണ് ടിയാൻ തൂങ്ങിമരിക്കാൻ ഇടയായത് എന്നാണ് നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടുള്ളത്. |
| (ബി) | പാട്ടത്തിനെടുത്ത സ്ഥലത്ത് വർക്ക് ഷോപ്പ് തുടങ്ങുവാനുള്ള സുഗതന്റെ ശ്രമങ്ങളെ ഒരു യുവജനസംഘടന എതിർത്തിരുന്നതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വെളിപ്പെടുത്താമോ; | (ബി) | എതിർത്തിരുന്നതായി വെളിവായിട്ടുണ്ട്. |
| (സി) | പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ പുതിയ സംരംഭം തുടങ്ങുന്നതിന് പരിശ്രമം നടത്തുകയായിരുന്ന സുഗതനെ ആത്മഹത്യയിലേക്ക് നയിച്ചവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് കുന്നിക്കോട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ: 365/18 u/s 306 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 1, 2, 3 പ്രതികളെ അറസ്റ്റ് ചെയ്ത് ബഹു. കോടതി മുമ്പാകെ ഹാജരാക്കിയിട്ടുള്ളതും തുടർന്ന് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ച് വരുന്നതുമാണ്. ടി കേസ്സിന്റെ അന്വേഷണത്തിനായി പുനലൂർ ഡി.വൈ.എസ്.പി.-യുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ